# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-26

എ.എം.എം. ഹൈസ്കൂൾ
പുള്ളിക്കൽ

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ - 2025-2026

# എ.എം.എം.എച്ച്.എസ് പുളിക്കൽ

പ്രധാനാധ്യാപിക - ഷീജ .പി

എസ്.ആർ.ജി കൺവീനർ - ലസിത പിസി

# സ്കൂൾ വിവരങ്ങൾ

| | | |
|---|---|---|
| 1.റവന്യൂ ജില്ല | : | മലപ്പുറം |
| 2.സ്കൂൾ കോഡ് | : | 18071 |
| 3.സ്കൂളിൻറെ പേര് | : | എ. എം. എം. എച്. എസ് പുളിക്കൽ |
| 4.മേൽവിലാസം | : | പുളിക്കൽ പോസ്റ്റ്, മലപ്പുറം ജില്ല. പിൻകോഡ്-673637 |
| 5.ഫോൺ നമ്പർ | : | 0483 2790089 |
| 6.ഇ മെയിൽ അഡ്രസ് | : | ammhspulikkal@gmail.com |
| 7.ഗ്രാമപഞ്ചായത്ത് | : | പുളിക്കൽ |
| 8.വിദ്യാഭ്യാസ ജില്ല | : | മലപ്പുറം |
| 9.സബ് ജില്ല | : | കൊണ്ടോട്ടി |
| 10. ക്ലാസുകൾ | : | 5 മുതൽ 10 വരെ |
| 11.മാനേജ്മെന്റ് | : | എയ്ഡഡ് |

# ആമുഖം:

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി താലൂക്കിൽ പുളിക്കൽ പഞ്ചായത്തിലാണ് എ എം എം എച് എസ് സ്ഥിതിചെയ്യുന്നത്. പാഠ്യ പഠ്യേതര രംഗത്തു സംസ്ഥാന തലത്തിൽ തന്നെ മാതൃകയായി നില കൊള്ളുന്ന സ്കൂൾ ആണിത്. 2023-2024 അക്കാദമിക് വർഷം 519 കുട്ടികൾ എസ് എസ് എൽ സി പരീക്ഷ എഴുതി 75 കുട്ടികൾക്ക് മുഴുവൻ വിഷയത്തിൽ എ പ്ലസും നൂറു ശതമാനം വിജയം നേടുവാനും സാധിച്ചു. വർഷങ്ങളായി ഉന്നത വിജയം നേടുന്ന ഒരു സ്ഥാപനമാണിത്. ദേശീയ സംസ്ഥാന തലങ്ങളിൽ വിവിധ സ്കോളർഷിപ് പരീക്ഷകളിൽ പരിശീലനം നൽകുകയും മികവാർന്ന വിജയം നേടാനും സ്കൂളിന് കഴിയുന്നു.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കികൊണ്ട് അക്കാദമിക രംഗത്തും കലാ രംഗത്തും കായിക രംഗത്തും ഒരുപോലെ മികവ് വർധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു. എല്ലാവരെയും ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം പ്രവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധന തന്ത്രങ്ങൾ ആവിഷ്കരിച്ചു നടപ്പാക്കാൻ സ്കൂളിന് കഴിയുന്നു. പെൺകുട്ടികൾക്കായി കരാട്ടെ പരിശീലനത്തിലൂടെ ആത്മധൈര്യം വർധിപ്പിക്കാനും സ്വയം പ്രധിരോധനത്തിനും സാധിക്കുന്നു. കുട്ടികൾക്ക് ആരോഗ്യമുള്ള ശരീരം നിലനിർത്തുന്നതിനായി ഒരു ജിമ്നെഷ്യവും ഇവിടെ ഒരുക്കിയിട്ടുണ്ട്. കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങളിൽ ഫലപ്രദമായ കൗൺസിലിങ് നൽകി പഠനത്തിന് സാഹചര്യം ഒരുക്കുന്നു. വിശാലമായ ഒരു കമ്പ്യൂട്ടർ ലാബും ഗണിത ലാബും സയൻസ് ലാബും ലൈബ്രറിയും ഇവിടെ ഉണ്ട്. കൂടാതെ എല്ലാ ക്ലാസ് മുറികളും ഹൈടെക് ആക്കി മാറ്റിയിട്ടുണ്ട്. ഇതു വഴി ആധുനിക സാങ്കേതിക

വിലയിരുത്തുകയും പോരായ്മകൾ ഉണ്ടെങ്കിൽ അപ്പപ്പോൾ പരിഹരിക്കുകയും ചെയ്യുന്നു. പൊതു വിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിന് മാനേജ്മന്റ്, പി ടി എ, പൂർവ വിദ്യാർത്ഥികൾ, നാട്ടുകാർ, പഞ്ചായത്ത് തുടങ്ങിയവയുടെ പൂർണ്ണമായ സഹകരണവും ഉറപ്പുവരുത്താൻ കഴിയുന്നു. കൂടാതെ ഹരിത ഭംഗിയാർന്ന ജൈവ സമ്പന്നതയിൽ അലംകൃതമായ സ്കൂൾ ക്യാമ്പസ്, ശിശു സൗഹൃദമായ പഠനാന്തരീക്ഷം എന്നിവ സ്കൂളിന്റെ മുഖമുദ്രയാണ്. 'സ്കൂൾ തന്നെ പാഠപുസ്തകം ' എന്ന വിശാലമായ ആശയം ഇവിടെ സാർത്ഥകമാവുന്നു.

ഓരോ വർഷവും നിരവധി ജീവകാരുണ്യ പ്രവർത്തങ്ങളിൽ വിദ്യാർത്ഥികൾ പങ്കാളികളാകുന്നുണ്ട്. 'സഹപാഠിക്കൊരു വീട് 'എന്ന പദ്ധതി വഴി രണ്ടു കുട്ടികൾക്ക് വീട് നിർമ്മിച്ച് കൊടുക്കാനും, ഒരു കുട്ടിക്ക് വീട് നിർമ്മിക്കാനുള്ള സ്ഥലം വാങ്ങി കൊടുക്കാനും കഴിഞ്ഞിട്ടുണ്ട്. സ്നേഹനിധി പദ്ധതി പ്രകാരം ധാരാളം കുട്ടികൾക്ക് സഹായം ചെയ്തു കൊടുക്കാൻ കഴിയുന്നുണ്ട്. നിരവധി പാലിയേറ്റീവ് പ്രവർത്തനങ്ങളിൽ കുട്ടികൾ പങ്കാളികളാവുന്നു. ഇതുവഴി കുട്ടികളെ സമൂഹവുമായി അടുപ്പിക്കാനും സാധിക്കുന്നു. 2500 കുട്ടികളും നൂറോളം അധ്യാപരും ഉള്ള ഈ സ്കൂളിന് ഒരു ഹയർ സെക്കന്ററി ഇല്ല എന്നതാണ് ഒരേഒരു പോരായ്മ.

സ്കൂളിന്റെ മികവിനുള്ള പൊതു സമൂഹത്തിന്റെ അംഗീകാരം നിലനിർത്തിക്കൊണ്ടു മുന്നേറാൻ കൂടുതൽ ഗുണപരമായ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്താനുമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്.ഇതിലെ ഓരോ പ്രവർത്തനവും നടപ്പിലാക്കി കുട്ടികൾക്കാവശ്യമായതെന്തോ അത് നൽകാനും നാളെയുടെ വാഗ്ദാനങ്ങളായി അവരെ മാറ്റാനും നമുക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കട്ടെ.

# ഹൈസ്ക്കൂൾ വിഭാഗം

## അക്കാദമിക നേട്ടങ്ങൾ

എസ് എസ് എൽ സി പരീക്ഷയിൽ 99.2% വിജയവും 67 എ പ്ലസും നേടാൻ സാധിച്ചു. എൻ എം എം എസ് പോലുള്ള സ്കോളർഷിപ്പ് പരീക്ഷകൾക്ക് കുട്ടികൾക്ക് പരിശീലനം നൽകുകയും ധാരാളം കുട്ടികൾക്ക് സ്കോളർഷിപ് ലഭിക്കുകയും ചെയ്യുന്നു. കുട്ടികളുടെ നിലവാരത്തിനനുസരിച്ചു ആവശ്യമായ പ്രത്യേക പരിശീലനം നൽകി കുട്ടികളിൽ ആത്മ വിശ്വാസം വധിപ്പിക്കുന്നതു വിജയ തിളക്കത്തിലേക്കു നയിക്കുന്നു. പ്രവർത്തങ്ങളിലൂടെ പഠിക്കാനുതകുതുന്ന രീതിയിൽ ആസൂത്രണം നടത്തുന്നു സ്കൗട്ട്, ഗൈഡ്, ജെ ആർ സി, ഹരിത സേന, ഇക്കോ ക്ലബ് തുടങ്ങിയ വൈവിധ്യമാർന്ന സന്നദ്ധ സംഘടനകളിലൂടെ പഠനത്തോടൊപ്പം സേവന മനോഭാവം വർധിപ്പിക്കാൻ കഴിയുന്നു. കായിക മേളയിൽ ദേശീയ മത്സരങ്ങളിൽ കുട്ടികളെ പങ്കെടുപ്പിച്ചു. സംസ്ഥാന ശാസ്ത്ര മേളയിലും ഗണിത മേളയിലും കലാ മേളയിലും കുട്ടികളെ പങ്കെടുപ്പിച്ചു വിജയികളാക്കാൻ സാധിച്ചു

## പരിമിതികൾ

അക്കാദമിക് നിലവാരംകൊണ്ടും ഭൗതിക സാഹചര്യം കൊണ്ടും കേരളത്തിലെ ഏതൊരു വിദ്യാലയത്തോടും കിടപിടിക്കുന്ന ഈ സ്കൂളിന് ഒരു ഹയർ സെക്കന്ററി ഇതുവരെ അനുവദിച്ചു കിട്ടിയിട്ടില്ല. എസ് പി സി യൂണിറ്റ് സ്കൂളിന് അനുവദിച്ചു കിട്ടിയിട്ടില്ല. പ്രവർത്തനങ്ങളുടെ ബാഹുല്യം കൊണ്ടും പഠനസമയം കൂടുതൽ നഷ്ടപ്പെടുന്നതിനാലും പഠനസമയത്തുള്ള ചില പ്രവർത്തങ്ങളെങ്കിലും ഏറ്റടുക്കാനുള്ള പരിമിതി ഉണ്ട്

## അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

### വികസന ലക്ഷ്യങ്ങൾ

1.ഭാഷാശേഷിവികസനം

2.ഗണിതശേഷി വികസനം

3.ഇംഗ്ലീഷ് പഠനം അനായാസകരം ആക്കൽ

4.വായനശേഷി വർദ്ധിപ്പിക്കൽ

5.ശാസ്ത്രപോഷണ പരിപാടി

6.ലബോറട്ടറി നവീകരണം ശാസ്ത്രം ഗണിതം എസ് എസ്

7.പ്രതിഭ പോഷണ പരിപാടി

13.അധ്യാപക ശാക്തീകരണം സ്കൂൾ എസ് ആർ ജി തലം

14.പ്രവൃത്തി പരിചയ പരിശീലനം

15.കലാപരിപോഷണം

16.പച്ചക്കറി തോട്ടം

17.സാഹിത്യ ശില്പശാലകൾ

18.മെഡിക്കൽ രക്ത ഗ്രൂപ്പ് നിർണയം

19.ലഘുഭക്ഷണം കാര്യക്ഷമമാക്കി പഠനത്തിന് സജ്ജമാക്കൽ

20.സ്കൂൾ ബ്ലോഗ് കാര്യക്ഷമമാക്കൽ

21.ഭാഷ ലാബ്

22.ദിനാചരണങ്ങൾ ശക്തിപ്പെടുത്തൽ

23.ഗവേഷണാത്മക പഠനം

24.കായിക ശേഷി വികസനം

25.വിലയിരുത്തൽ കാര്യക്ഷമമാക്കൽ

26.ചോദ്യപേപ്പർ ശില്പശാല

27.ഐടി പഠനം കാര്യക്ഷമമാക്കൽ

28.ജന്മദിന പുസ്തകം

29.ചിത്രരചന ക്യാമ്പ്

30.ശാസ്ത്ര ഗണിതശാസ്ത്ര എസ് എസ് ഐ ടി പ്രവൃത്തി പരിചയ മേളകൾ

31.ക്ലാസ്സ് പിടിഎ കാര്യക്ഷമമാക്കൽ

## ഉപമേഖല- ഇംഗ്ലീഷ് ഭാഷാ·പഠനം

ർത്തനം.1 ഭാഷാശേഷി വികസനം

| ം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | 1.ഇംഗ്ലീഷിൽ തന്നെ | എല്ലാ ക്ലാസും | ഇംഗ്ലീഷ് | |
| ൾക്കും | ഇംഗ്ലീഷ് ക്ലാസ്സ് | | അധ്യാപകർ | |
| ഷ് | കൈകാര്യം | | | |
| ി | ചെയ്യൽ | | | |
| ിക്കാനും | | | | |
| ാനും | 2. ഇംഗ്ലീഷ് | ആഴ്ചയിൽ ഒരു | | |
| [illegible] | [illegible] | [illegible] | | |

| | | | |
|---|---|---|---|
| തുടങ്ങിയവ സംഘടിപ്പിക്കൽ | ദിവസം എല്ലാ ദിവസവും തുടർച്ചയായി | | |
| 3. ഇംഗ്ലീഷിൽ ഡയറി എടുത്ത് ഓരോ കുട്ടിയും | | ഇംഗ്ലീഷ് അധ്യാപകർ | |
| 4.കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസ്സ് | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് അധ്യാപകർ | |
| ഇംഗ്ലീഷ് കഥ,കവിത രചന ക്യാമ്പ് ഉൽപന്നങ്ങൾ പ്രസിദ്ധീകരിക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | | |

## പ്രവർത്തനം വിശദാംശങ്ങൾ

## ഉപമേഖല മലയാളം

പ്രവർത്തനം 1. ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും | 1.അക്ഷരമുറപ്പി ക്കൽ<br>2.ചിഹ്നം ഉറപ്പിക്കൽ | രണ്ടുമാസം ഒരു വർഷം | മലയാളം ടീച്ചർ | പി ടി എ |

| | | | | |
|---|---|---|---|---|
| 2.എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക | 1.ക്ലാസ് വായന കൂട്ടം രൂപീകരിക്കൽ<br>2. ക്ലാസ് ലൈബ്രറി നവീകരിക്കാൻ<br>3. പുതുവർഷം പുസ്തക വർഷം<br>4. ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകം ലഭ്യമാക്കൽ<br>5. സ്കൂൾ ലൈബ്രറി നവീകരണം<br>6. വായനോത്സവം<br>7. ജന്മദിന പുസ്തകം<br>8. പത്രവായന | 6 മാസം ഒരു വർഷം<br>ആവശ്യമനുസരിച്ച് | വിദ്യാരംഗം<br>മലയാളം ടീച്ചർ എസ് ആർ ജി | പി ടി എ |
| 2.സർഗ്ഗശേഷി വികസനം | വായന അനുഭവം പങ്കുവെക്കൽ<br>സാഹിത്യക്വിസ്-രചനാ ശില്പശാല (കഥ, കവിത)<br>കവിതാലാപന മത്സരം<br>ക്ലാസ്തല, സ്കൂൾതല പത്രം പ്രസിദ്ധീകരിക്കൽ<br>പുസ്തക ചർച്ച, പുസ്തകാസ്വാദനം-ഇ വായന<br>സാഹിത്യകാരനുമായി സംവദിക്കൽ | വർഷത്തിൽ ഒരു തവണ<br>മാസത്തിൽ ഒരു തവണ<br>മാസത്തിൽ ഒരു തവണ<br>മാസത്തിൽ ഒരു തവണ | എസ് ആർ ജി<br>വിദ്യാരംഗം<br>വിദ്യാരംഗം എസ് ആർ ജി | പി ടി എ |

| ഉപമേഖല- ദിനാചരണങ്ങൾ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| വിവിധശേഷികളുടെ വികാസം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠന പ്രവർത്തനമായി | ജൂൺ- മാർച്ച് | എസ് ആർ ജി | |

| | | | | |
|---|---|---|---|---|
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടനപത്രിക പ്രചാരണം നിർത്ത കാനഡേറ്റ് ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരണം<br>തുടർന്ന് മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ | വർഷത്തിൽ ഒരുതവണ | എസ് എസ് അധ്യാപകർ | |

## ഉപമേഖല -സാമൂഹ്യശാസ്ത്രം ലൈബ്രറി കോർണർ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര പഠനം കാര്യക്ഷമമാക്കൽ | അധിക വായനക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ തുടങ്ങിയവ ക്ലാസ് ലൈബ്രറി സ്കൂൾ ലൈബ്രറി എന്നിവയിൽ പ്രദർശിപ്പിക്കൽ<br>തുടർന്ന് ക്ലാസ്സ് ലൈബ്രറിയിൽ വിതരണം | വർഷത്തിൽ ഒരുതവണ<br>ആഴ്ചയിൽ ഒരു തവണ | എസ് എസ് അധ്യാപകർ | |

## ഉപമേഖല- സാമൂഹ്യശാസ്ത്ര ബുള്ളറ്റിൻ ബോർഡ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര- നൂതന അറിവുകൾ- കണ്ടെത്തലുകൾ പ്രദർശനം | എല്ലാ കുട്ടികൾക്കും കാണാനും വായിക്കാനും ഉതകുന്ന രീതിയിൽ എസ് എസ് കോർണറിൽ ബുള്ളറ്റ് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുക വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് ഒട്ടിക്കൽ | എല്ലാ ദിവസവും ഒരു വർഷം | എസ് എസ്ക്ലബ് | |

| | | | | |
|---|---|---|---|---|
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടനപത്രിക പ്രചാരണം നിർത്ത കാനഡേറ്റ് ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരണം<br><br>തുടർന്ന് മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ | വർഷത്തിൽ ഒരുതവണ | എസ് എസ് അധ്യാപകർ | |

## ഉപമേഖല -സാമൂഹ്യശാസ്ത്രം ലൈബ്രറി കോർണർ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര പഠനം കാര്യക്ഷമമാക്കൽ | അധിക വായനക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ തുടങ്ങിയവ ക്ലാസ് ലൈബ്രറി സ്കൂൾ ലൈബ്രറി എന്നിവയിൽ പ്രദർശിപ്പിക്കൽ<br><br>തുടർന്ന് ക്ലാസ്സ് ലൈബ്രറിയിൽ വിതരണം | വർഷത്തിൽ ഒരുതവണ<br><br>ആഴ്ചയിൽ ഒരു തവണ | എസ് എസ് അധ്യാപകർ | |

## ഉപമേഖല- സാമൂഹ്യശാസ്ത്ര ബുള്ളറ്റിൻ ബോർഡ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര- [illegible] അറിവുകൾ- കണ്ടെത്തലുകൾ പ്രദർശനം | എല്ലാ കുട്ടികൾക്കും കാണാനും വായിക്കാനും ഉതകുന്ന രീതിയിൽ എസ് എസ് കോർണറിൽ ബുള്ളറ്റ് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുക വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് ഒട്ടിക്കൽ | എല്ലാ ദിവസവും ഒരു വർഷം | എസ് എസ്ക്ലബ് | |

| | | | | |
|---|---|---|---|---|
| തുടങ്ങിയവയെ കുറിച്ച് കൂടുതൽ മനസ്സിലാക്കൽ | | | | |

## ഉപമേഖല- സംവാദം, സെമിനാർ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആനുകാലി വിഷയങ്ങളെക്കുറിച്ച് സംവാദം പ്രത്യേക വിഷയങ്ങളിൽ സെമിനാർ തുടങ്ങിയവ (കൂടുതൽ അറിയാൻ) | സമകാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ സംവാദം സെമിനാർ പാനൽ ചർച്ച തുടങ്ങിയവ സംഘടിപ്പിക്കൽ | മാസത്തിൽ ഒന്നു വീതം | എസ് എസ്ക്ലബ്<br><br>എസ് ആർ ജി | |

## ഉപമേഖല-ആരോഗ്യമുള്ള ശരീരം, മനസ്സ് രൂപപ്പെടുത്തൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം ആരോഗ്യമുള്ള മനസ്സ് രൂപപ്പെടുത്തൽ വിദ്യാഭ്യാസം ലക്ഷ്യമാക്കിയാൽ | പെൺകുട്ടികൾക്ക് സ്വയം പ്രതിരോധം എന്ന നിലയിൽ കരാട്ടെ പോലെയുള്ള പരിശീലനം | ആഴ്ചയിൽ ഒരു ദിവസം വൈകിട്ട് നാലു മുതൽ അഞ്ചുവരെ | കായികാധ്യാപകൻ | |

## ഉപമേഖല - സ്കോളർഷിപ്പ് പരിശീലനം

| | | | | |
|---|---|---|---|---|
| പരമാവധി കുട്ടികൾക്ക് വിവിധ സ്കോളർഷിപ്പുകൾ മത്സരപരീക്ഷയിലൂടെ ലഭ്യമാക്കൽ | എൻ എം എം എസ് ഉൾപ്പെടെയുള്ള സ്കോളർഷിപ്പ് പരീക്ഷകൾക്ക് ചിട്ടയായ പരിശീലനത്തിലൂടെ ജില്ലയിൽ തന്നെ ഏറ്റവും കൂടുതൽ കുട്ടികൾക്ക് സ്കോളർഷിപ്പ് ഉറപ്പ് വരുത്തൽ | ഒരു വർഷത്തിൽ നാലുമാസം | സയൻസ് ടീച്ചർ | |

# മേഖല-അക്കാദമികം-സാമൂഹികം

## ഉപമേഖല-സിപിടിഎ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സിപിടിഎ രൂപീകരിക്കലും അക്കാദമിക | സിപിടിഎ യോഗം കാര്യക്ഷമമായി നടത്തൽകുട്ടികളുടെ | മൂന്നുമാസത്തിൽ ഒരിക്കൽ | എസ് ആർ ജി ക്ലാസ് ടീച്ചർ | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| 1. കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തൽ | 1. ശാസ്ത്ര തത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെ കുട്ടികളുടെ അവതരണം പരീക്ഷണ കളരി പരീക്ഷണങ്ങൾ പൊതു സമൂഹത്തിനു മുന്നിൽ പ്രദർശിപ്പിക്കൽ<br>2. സ്കൂൾതല സയൻസ് എക്സിബിഷൻ<br>3. ഗവേഷണാത്മക പ്രൊജക്റ്റ് ഏറ്റെടുത്തുള്ള പഠനം By സർവ്വേ അഭിമുഖം നിരീക്ഷണം | വർഷത്തിൽ ഒരുതവണ | സയൻസ് ക്ലബ് | |
| 2. ശാസ്ത്രമേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | ഒരു വർഷത്തിൽ മൂന്ന് മാസം | സയൻസ് ക്ലബ് | |
| 3. ശാസ്ത്ര ലാബ് നവീകരണം കാലാനുസൃതമായി നവീകരിക്കൽ | ഫിസിക്സ് കെമിസ്ട്രി ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റു സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കാൻ | ജനുവരി മുതൽ ഒരു മാസം | സയൻസ് ടീച്ചേഴ്സ് | പി ടി എ |
| 4. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ ഉപയോഗപ്പെടുത്തൽ | സ്കൂൾകെട്ടിടത്തിന് മുകളിൽ സൗരോർജ പാനൽ സ്ഥാപിച്ച് സ്കൂളിന് ആവശ്യമായ വൈദ്യുതി ലഭ്യമാക്കൽ | ഒരു വർഷം | സയൻസ് ടീച്ചേഴ്സ് | പി ടി എ |

| | | | | |
|---|---|---|---|---|
| 3.ശാസ്ത്ര മാസിക ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ ലേഖനങ്ങൾ കവിതകൾ തുടങ്ങിയ ഉപയോഗപ്പെടുത്തി ശാസ്ത്ര മാസിക ശാസ്ത്ര പതിപ്പ് എന്നിവ തയ്യാറാക്കൽ | ആറുമാസത്തിൽ ഒരിക്കൽ | എസ് ആർ ജി സയൻസ് ടീച്ചേഴ്സ് | |
| 4.ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിക്കാൻ സമഗ്രയിൽ ചേർക്കൽ | തെരഞ്ഞെടുത്ത കുട്ടികൾ ഉപയോഗപ്പെടുത്തി ചോദ്യപേപ്പർ ശില്പശാല സംഘടിപ്പിച്ച ചോദ്യശേഖരം തയ്യാറാക്കൽ ചോദ്യപേപ്പർ സംഗ്രഹം സമഗ്രയിൽ അപ്ലോഡ് ചെയ്യൽ | 3 മാസം | എസ് ആർ ജി സയൻസ് ടീച്ചേഴ്സ് | |
| ഉപമേഖല - പരിസ്ഥിതി സംരക്ഷണം | | | | |
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ജൈവ വൈവിധ്യ പാർക്ക് വിപുലപ്പെടുത്താൻ ജൈവ് പന്തലൊരിക്കൽ | സ്കൂൾ തന്നെ പാഠപുസ്തകം എന്ന ആശയം പ്രാവർത്തിക മാക്കി ഒരുക്കിയ ജൈവവിദ്യാ പാർക്ക് സ്കൂൾ തന്നെ പാഠപുസ്തകം എന്ന ആശയം പ്രാവർത്തിക മാക്കി ഒരുക്കിയ ജൈവവൈവിധ്യ പാർക്ക് വിപുലപ്പെടുത്തൽ വള്ളിപ്പടപ്പുകൾ പന്തൽ ഒരുക്കൽ കോ ജൈവ പന്തൽ ഒരുക്കൽ | 3 മാസം | ഇക്കോ ക്ലബ് | പി ടി എ |

| | | | | |
|---|---|---|---|---|
| | ങ്ങൾക്കും നാമകരണം | | | |
| 3.ജൈവ വൈവിധ്യ രജിസ്റ്റർ പഠനത്തിന് ഉപയോഗപ്പെടുത്തൽ<br><br>നാട്ടുമാവ് സംരക്ഷണം | ജൈവ വൈവിധ്യ രജിസ്റ്റർ ശാസ്ത്ര പഠനത്തിന് ഉപയോഗപ്പെടുത്തി നേർ അനുഭവം ഉറപ്പുവരുത്തൽ<br>സ്ക്കൂൾ മുറ്റത്തെ നാട്ടുമാവുകൾക്ക് പൂർണ്ണസംരക്ഷണം ഒരുക്കൽ | 3 മാസം<br><br>ദിവസേന | ഇക്കോ ക്ലബ്<br><br>ഇക്കോ ക്ലബ് | --<br><br>-- |

## ഉപമേഖല-ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | 1.ഗണിത ലാബ് പ്രത്യേകമായി സജ്ജീകരിക്കുകയും കുട്ടികൾക്ക് ഗണിതശയങ്ങൾ ലളിതമായി അവതരിപ്പിക്കുകയും ചെയ്യുക<br>2.ജാമിതിയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയം മുറ്റത്ത് ഗണിത പാർക്ക് സജ്ജീകരിക്കൽ | ലാബ് സജ്ജീകരണം അവധിക്കാലത്തതെ<br><br>ജൂൺ ജൂലൈ | ഗണിത ടീച്ചർ | പിടിഎ |
| 2. ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | 1.വർക്ക്ഷോട്ടുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു.<br>2.ക്ലാസിലെ കണക്കിൽ മിടുക്കരായ കുട്ടികൾ ഉപയോഗപ്പെടുത്തി അടിസ്ഥാന ഗണിതശയങ്ങൾ ഉറപ്പിക്കൽ | ജൂൺ ഒരുമാസം<br><br>ജൂൺ ഒരുമാസം | ഗണിത ടീച്ചർ<br><br>ഗണിത ടീച്ചർ | പിടിഎ |
| 3. ഗണിത ക്ലിനിക്ക് | ഏറ്റവും മികച്ച വിദ്യാർത്ഥികളെയും അധ്യാപകരെയും ഉപയോഗപ്പെടുത്തി ഗണിത ക്ലിനിക് | 1 വർഷം | ഗണിത ടീച്ചർ<br><br>ഗണിത ക്ലബ് | -- |

## ഉപമേഖല പ്രവർത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| **ഉപമേഖല കലാരംഗം** | | | | |
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| കലാമികവ്<br>ഉള്ളവർക്ക്<br>പരിശീലനം | ഉപകരണ<br>സംഗീതത്തിലും മറ്റ്<br>കലാവാസനകളും<br>ഉള്ള കുട്ടികൾക്ക്<br>വിദഗ്ധരെ<br>പങ്കെടുപ്പിച്ച്<br>പരിശീലനം നൽകൽ | ആഴ്ചയിൽ<br>രണ്ട് ദിവസം<br>1 വർഷം | എസ്<br>ആർ ജി | പിടിഎ<br>20000/- |

| | | | | |
|---|---|---|---|---|
| **ഉപമേഖല - സ്വയം തൊഴിൽ നൈപുണി വികസനം** | | | | |
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| പെൺകുട്ടികൾ<br>ക്ക്<br>സ്വയംതൊഴിൽ<br>പരിശീലനം | നിർധനരായ<br>കുടുംബങ്ങളിലെ<br>പെൺകുട്ടികൾക്ക്<br>സ്വയംതൊഴിൽ<br>നൈപുണ്യ<br>വികസനത്തിന്റെ<br>ഭാഗമായി സൗജന്യ<br>തുന്നൽ പരിശീലനം | ആഴ്ചയിൽ<br>രണ്ടുദിവസം<br>വൈകുന്നേരം<br>രണ്ടു വർഷം<br>വർഷം | ചുമതല<br>ക്രാഫ്റ്റ്<br>ടീച്ചർ | പിടിഎ<br>20000/- |

| | | | | |
|---|---|---|---|---|
| **ഉപമേഖല കായിക വിദ്യാഭ്യാസം** | | | | |
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| കുട്ടികളുടെ<br>കായികശേഷി<br>വർദ്ധിപ്പിച്ച്<br>മികവിൽ<br>എത്തിക്കൽ | കുട്ടികളുടെ<br>കഴിവുകൾ<br>പരിഗണിച്ച്താല്പര്<br>യമുള്ള<br>മേഖലകളിൽ<br>പരിശീലനം നൽകി<br>കൂടുതൽ<br>മികവിലേക്ക്<br>എത്തിക്കൽ<br>ഫുട്ബോൾ<br>അത്.ലെറ്റിക്സ് ,<br>ഖൊ-ഖൊ,<br>ബാഡ്മിന്റൺ,<br>ബാസ്ക്കറ്റ് ബോൾ | എല്ലാദിവ<br>സവും<br>രാവിലെയും<br>വൈകിട്ടും<br>അവധി<br>ദിവസങ്ങ<br>ളിലും<br><br>ഒരു വർഷം | കായിക<br>അധ്യാ<br>പകൻ | പിടിഎ<br>20000/- |

| | | | | |
|---|---|---|---|---|
| **ഉപമേഖല കൗൺസിലിംഗ്** | | | | |
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| വിവിധങ്ങളായ<br>പ്രശ്നങ്ങൾ<br>നേരിടുന്ന<br>കുട്ടികൾക്ക്<br>കൗൺസിലിംഗ്<br>നൽകൽ നല്ല<br>വ്യക്തിത്വ<br>മുള്ളവരാക്കൽ | ആത്മവിശ്വാസംധൈ<br>ര്യം ഇവ<br>വർദ്ധിപ്പിച്ച്<br>കുട്ടികൾ നേരിടുന്ന<br>വിവിധങ്ങളായ<br>പ്രശ്നങ്ങൾക്ക്പരി<br>ഹാരം കാണൽ | ആഴ്ചയിൽ<br>ഒരു ദിവസം | കൗൺ<br>സലർ | പിടിഎ |

| | | | | |
|---|---|---|---|---|
| | ഫലപ്രദമാക്കൽ ഇൻഡിവിജ്വൽ കൗൺസിലിംഗ്, ഗ്രൂപ്പ് കൗൺസിലിംഗ് | | | |
| ഉപമേഖല കലാപരിപോഷണം | | | | |
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| കുട്ടികളുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗവാസനകൾ കണ്ടെത്തുകയും അവ പരിപോഷിപ്പിക്കുകയും ചെയ്യുക<br><br>സംഗീതം നൃത്തം അഭിനയം കഥാരചന കവിതാരചന കവിതാലാപനം വ്യത്യസ്ത സംഗീത ഉപകരണങ്ങൾ ഉപയോഗിക്കുന്ന കുട്ടികളുടെ കഴിവുകൾ അവരെ കണ്ടെത്തി സർഗ്ഗവാസനങ്ങൾ പരിപോഷിപ്പിക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകൽ | ഒരു വർഷം | കലാ അധ്യാപകർ<br><br>എസ് ആർ ജി | പിടിഎ 100000/- |

## ഉപസംഹാരം

പൂളിക്കൽ എ എം എം ഹൈസ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കൃത്യമായ ദിശാബോധത്തോടെ കൂടി തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവ്വതോൻമുഖമായ വികസനമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർപ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. ഞങ്ങൾക്കുള്ളത്.പഠന പ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശസ്ഥാപനങ്ങളുടെയും സഹായം ലഭ്യമാവും എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത് അതിനു കഴിയും എന്ന ഉത്തമവിശ്വാസവും ഞങ്ങൾക്കുണ്ട്

****************************************************

SHEEJA.P
PEN NO. 395094